(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാനുതകും വിധം ഉദാരമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമോ ?

ഉത്തരം

(എ) 67 പേർ.

(ബി) 9 സ്ഥാപനങ്ങൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടി സ്ഥാപനങ്ങളിൽ ഷാജു പ്ലാസ്റ്റിക് പ്രോഡക്ട്സ്, യൂണിവേഴ്സൽ പൈപ്പ് ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങൾ വിറ്റുപോയിട്ടുള്ളതാണ്. ബാക്കിയുള്ള വ്യവസായ യൂണിറ്റുകളിൽ വിജയകരമായി പ്രവർത്തിച്ച് വായ്പ തിരിച്ചടക്കാൻ കഴിയുമെന്ന് ബോദ്ധ്യപ്പെടുത്തുന്നവരുടെ കാര്യം അനുഭാവപൂർവം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

കെ. എസ്. എഫ്. ഇ. യുടെ വായ്പാ നടപടിക്രമം

14 (1069) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യുടെ വിവിധ സ്കീം പ്രകാരം വായ്പയെടുക്കുന്നവർക്ക് വായ്പാ നടപടിക്രമം ലളിതമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്ന 2000-ാം ആണ്ടിൽ കുടിശ്ശികതുക പിരിച്ചെടുക്കുവാൻ പിഴപ്പലിശ ഒഴിവാക്കി കൂടുതൽ ഉദാരമായ നടപടികൾ സ്വീകരിക്കുവാൻ നടപടിയെടുക്കുമോ ;

(സി) 1998-99-ലെ സാമ്പത്തികവർഷം എത്ര തുക സ്ഥാപനം വായ്പ കൊടുത്തുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വായ്പാ നടപടിക്രമം ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിശദാംശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) 34690.12 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്.

മുക്കത്ത് കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച്

15 (1070) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ശുപാർശ കെ.എസ്.എഫ്.ഇ. ധനകാര്യവകുപ്പിന്റെ അനുവാദത്തിനു സമർപ്പിച്ചിട്ടുണ്ടോ ;

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly